بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ഼ ഖുത്വ്ബ**

**സംഗ്രഹം**

**04-07-2025**

# മക്കാവിജയം: നബിതിരുമേനി(സ) മക്കയിലേക്ക് പ്രവേശിക്കുന്നു.

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

*തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാതിഹയും ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹു ല്ലാഹ്) ഇപ്രകാരം പറഞ്ഞു:*

മക്കാ വിജയവുമായി ബന്ധപ്പെട്ട് മക്കയിൽ പ്രവേശിച്ചതിന്റെ സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നു. അതിന്റെ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു:

ഇബ്നു ഇസ്ഹാഖ് ഇപ്രകാരം രേഖപ്പെടുത്തുന്നു: അബൂസുഫ്‌യാൻ അല്ലാഹുവിന്റെ സൈന്യങ്ങളെ നിരീക്ഷിച്ച ശേഷം മക്കയിലേക്ക് മടങ്ങി. നബിതിരുമേനി(സ) തന്റെ പച്ച വസ്ത്രധാരികളായ സൈന്യത്തോടൊപ്പം എഴുന്നള്ളി.

ഇബ്നു സഅദ് എഴുതുന്നു: നബിതങ്ങൾ തന്റെ ഖസ്‌വാ എന്ന ഒട്ടകപ്പുറത്ത് ഹദ്റത്ത് അബൂബക്കർ (റ)വിന്റെയും ഹദ്റത്ത് ഉസൈദ് ബിൻ ഹുദൈർ (റ)വിന്റെയും മധ്യത്തിലായിരുന്നു ഉപവിഷ്ടനായിരുന്നത്. ആ സമയത്ത് നബിതിരുമേനി(സ) സൂറത്തുൽ ഫത്ഹ് പാരായണം ചെയ്യുകയായിരുന്നു. അവിടുന്ന് മക്കയിൽ പ്രവേശിച്ചപ്പോൾ ആളുകൾ പ്രവാചകദർശനത്തിനായി വന്നു. വിനയം കാരണം പ്രവാചകശിരസ്സ് ഒട്ടകത്തിന്റെ ഇരിപ്പിടത്തെ സ്പർശിച്ചിരുന്നു. നബികരീം(സ) കറുത്ത തലപ്പാവ് ധരിച്ചിരുന്നു. പതാകയും കറുത്തതായിരുന്നു. നബിതിരുമേനി(സ) ഈ വചനങ്ങൾ ഉരുവിടുകയായിരുന്നു: ***അല്ലാഹുമ്മ ഇന്നൽ ഐശ ഐശുൽ ആഖിറ***. അതായത്, അല്ലാഹുവേ, തീർച്ചയായും യഥാർഥ ജീവിതം പരലോക ജീവിതമാണ്. നീതിയുടെയും ന്യായത്തിന്റെയും മറ്റൊരു വശം ഇതായിരുന്നു, നബിതങ്ങൾ അപ്പോൾ തന്റെ പിറകിലിരിക്കാൻ താൻ സ്വതന്ത്രനാക്കിയ അടിമ ഹദ്റത്ത് സൈദ് ബിൻ ഹാരിസയുടെ പുത്രൻ ഉസാമ ബിൻ സൈദിനായിരുന്നു ഇടംകൊടുത്തത്. നബിതിരുമേനി(സ) റമദാൻ 20-ന് മക്കയിൽ പ്രവേശിച്ചു. ആ സമയത്ത് സൂര്യൻ അൽപ്പം ഉദിച്ചുയർന്നിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹുവിന്റെ പ്രത്യേക ദാസന്മാർക്ക് നല്കപ്പെടുന്ന ഈ ഔന്നത്യം വിനയത്തിന്റെ രൂപത്തിലാണുണ്ടാകുക. എന്നാൽ പിശാചിന്റെ ഔന്നത്യം അഹങ്കാരം കലർന്നതായിരിക്കും. നോക്കൂ, നമ്മുടെ നബികരീം (സ) മക്കയെ കീഴടക്കിയപ്പോൾ, തനിക്ക് എല്ലാ തരത്തിലുമുള്ള എതിർപ്പുകളും ദുരിതങ്ങളും നേരിട്ടിരുന്ന ആ മക്കയിൽ, കഷ്ടപ്പാടുകളുടെയും പ്രയാസങ്ങളുടെയും നാളുകളിൽ തല കുനിച്ചിരുന്നതുപോലെയും സുജൂദ് ചെയ്തിരുന്നതുപോലെയും തന്നെ അപ്പോഴും തന്റെ ശിരസ്സ് കുനിക്കുകയും സുജൂദ് ചെയ്യുകയും ചെയ്തു. ഏതവസ്ഥയിലാണ് താൻ ഇവിടെ നിന്ന് പോയതെന്നും ഏതവസ്ഥയിലാണ് ഇപ്പോൾ മടങ്ങി വന്നതെന്നും കണ്ടപ്പോൾ ആ നബിഹൃദയം അല്ലാഹുവിനോടുള്ള നന്ദിയാൽ ഭരിതമായി. ആ പുണ്യാത്മാവ് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: നബി

മക്കയിൽ പ്രവേശിച്ചപ്പോൾ ആളുകൾ നബിയോട് എവിടെ തങ്ങുമെന്ന് ചോദിച്ചു. നബി പറഞ്ഞു: അഖീൽ നമുക്കായി ഏതു വീടാണ് ബാക്കി വച്ചിട്ടുള്ളത്? അതായത്, എന്റെ ബന്ധുമിത്രാദികളെല്ലാരും കൂടി എന്റെ എല്ലാ സ്വത്തുക്കളും വിറ്റുമുടിച്ചിരിക്കുന്നു. പിന്നീട് നബികരീം(സ) പറഞ്ഞു: ഞങ്ങൾ ഖൈഫ് ബനീ കിനാനയിൽ തങ്ങും.' ഇത് മക്കയിലെ ഒരു മൈതാനമായിരുന്നു. ബനൂ ഹാശിമും ബനൂ അബ്ദുൽ മുത്വലിബും മുഹമ്മദിനെ (സ) പിടികൂടി തങ്ങൾക്ക് കൈമാറുകയും നബിയെ പിന്തുണയ്ക്കുന്നത് ഉപേക്ഷിക്കുകയും ചെയ്യുന്നതുവരെ തങ്ങൾ അവരുമായി വിവാഹ ബന്ധം പുലർത്തുകയോ ക്രയവിക്രയം നടത്തുകയോ ഇല്ലെന്ന് ഇവിടെ വച്ചായിരുന്നു ഖുറൈശികളും ബനീ കിനാനയും ഒരുമിച്ച് പ്രതിജ്ഞ ചെയ്തിരുന്നത്.

നബിതങ്ങൾ ദിവസത്തിന്റെ കുറച്ചു ഭാഗം തന്റെ കൂടാരത്തിൽ താമസിച്ചു. പിന്നീട് തന്റെ ഒട്ടകമായ ഖസ്വായ വരുത്തി. അവിടുന്ന് ആയുധമെടുക്കുകയും അങ്കത്തൊപ്പി ധരിച്ച് ഒട്ടകപ്പുറത്ത് കയറുകയും ചെയ്തു. നബിയോടൊപ്പം ഹദ്റത്ത് അബൂബക്കർ (റ) ഉണ്ടായിരുന്നു. നബി അദ്ദേഹവുമായി സംസാരിക്കുകയായിരുന്നു.

നബിതിരുമേനി(സ) മക്കയിൽ പ്രവേശിച്ചപ്പോൾ കഅ്ബയുടെ ചുറ്റും 360 വിഗ്രഹങ്ങൾ സ്ഥാപിതമായിരുന്നു. അവയിൽ ഏറ്റവും വലിയ വിഗ്രഹം ഹുബുൽ ആയിരുന്നു. നബിയുടെ കയ്യിൽ ഒരു വില്ലുണ്ടായിരുന്നു. നബി ഏതെങ്കിലും വിഗ്രഹത്തിനരികിലൂടെ കടന്നുപോകുമ്പോൾ തന്റെ വില്ല് കൊണ്ട് വിഗ്രഹത്തിന്റെ കണ്ണിൽ തട്ടി ഇപ്രകാരം പറയുമായിരുന്നു:

***ജാഅൽ ഹഖ്ഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ.***

അതായത്, സത്യം വന്നു, അസത്യം ഓടിയകന്നു. തീർച്ചയായും അസത്യം ഓടിപ്പോകേണ്ടതു തന്നെയാണ്. റസൂലുല്ലാഹ്

കഅ്ബയുടെ അടുത്തേക്ക് പോയി അതിനെ ദർശിച്ചു. പിന്നീട് ഒട്ടകത്തിലേറി തന്നെ മുന്നോട്ട് ഗമിക്കുകയും വടി കൊണ്ട് ഹജറുൽ അസ്‌വദിനെ സ്പർശിക്കുകയും അല്ലാഹു അക്ബർ എന്ന് പറയുകയും ചെയ്തു. മുസ്‌ലീങ്ങളും തക്ബീർ ധ്വനി മുഴക്കി. മക്കയിലെ അന്തരീക്ഷം തക്ബീർ ധ്വനികളാൽ മുഖരിതമായി. സത്യനിഷേധികൾ മലകളിൽ നിന്ന് ഈ കാഴ്ച കാണുകയായിരുന്നു. നബികരീം(സ)ബയ്ത്തുല്ലാഹിനെ ത്വവാഫ്ചെയ്തു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ(റ) നബിയുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്നു. നബി തന്റെ ഒട്ടകത്തിൽ നിന്ന് ഇറങ്ങി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നബിതിരുമേനി(സ) ഹദ്റത്ത് ഉമർ ബിൻ ഖത്വാബിനോട് കഅ്ബയിൽ പോകാനും അതിലുള്ള എല്ലാ ചിത്രങ്ങളും മായ്ച്ചുകളയാനും കൽപ്പിച്ചു. കഅ്ബയിൽ നിന്ന് എല്ലാ ചിത്രങ്ങളും മായ്ച്ചുകളയുന്നതുവരെ നബിതിരുമേനി(സ) അതിൽ പ്രവേശിച്ചില്ല. നബിതിരുമേനി(സ) മഖാമെ ഇബ്രാഹിമിൽ വന്ന് രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നീട് അവിടുന്ന് സംസമിന്റെ അടുത്തേക്ക് പോയി. ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്വലിബ്(റ) അല്ലെങ്കിൽ ഹദ്റത്ത് അബൂസുഫ്‌യാൻ ബിൻ ഹാരിസ് ബിൻ അബ്ദുൽ മുത്വലിബ്(റ) നബിക്ക് വേണ്ടി കിണറ്റിൽ നിന്ന് ഒരു തൊട്ടി വെള്ളം കോരിയെടുത്തു. നബിതിരുമേനി(സ) വെള്ളം കുടിക്കുകയും വുളു ചെയ്യുകയും ചെയ്തു. സ്വഹാബികൾ തിടുക്കത്തിൽ ആ വുളുവിന്റെ വെള്ളം തങ്ങളുടെ കൈത്തലങ്ങളിൽ ശേഖരിച്ച് തങ്ങളുടെ മുഖങ്ങളിൽ തടവുന്നുണ്ടായിരുന്നു. കാഫിരീങ്ങൾ ഈ കാഴ്ച കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അവർ അത്ഭുതത്തോടെ പറഞ്ഞു: ഇത്രയും വലിയ ഒരു രാജാവിനെക്കുറിച്ച് ഞങ്ങൾക്ക് കേട്ടുകേൾവി പോലുമില്ല.

ഹുബുൽ വിഗ്രഹം തകർക്കപ്പെട്ടപ്പോൾ, ഹദ്റത്ത് സുബൈർ ബിനിൽ അവ്വാം(റ) അബൂസുഫ്‌യാനോട് പറഞ്ഞു: ഹുബുൽ തകർക്കപ്പെട്ടു. ഉഹുദിന്റെ ദിവസം താങ്കൾ ഹുബുലിന്റെ പേരിൽ വലിയ അഹങ്കാരത്തോടെ അവകാശവാദങ്ങൾ ഉന്നയിച്ചിരുന്നല്ലോ. അബൂസുഫിയാൻ പറഞ്ഞു: 'ഓ ഇബ്നുൽ അവ്വാം! ഇനി ആ കാര്യങ്ങൾ വിട്ടേക്കുക. കാരണം, മുഹമ്മദിന്റെ(സ) അല്ലാഹു അല്ലാത്ത മറ്റേതെങ്കിലും ദൈവം ഉണ്ടായിരുന്നെങ്കിൽ, ഇന്ന് സംഭവിച്ചത് സംഭവിക്കുമായിരുന്നില്ലെന്ന് എനിക്കിപ്പോൾ മനസ്സിലായി.

അതിനുശേഷം, നബിതിരുമേനി(സ) കഅ്ബയുടെ ഒരു മൂലയിൽ ഇരുന്നു. ആളുകൾ നബിക്കുചുറ്റും തടിച്ചുകൂടിയിരുന്നു. ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ (റ) വാളൂരിപ്പിടിച്ച് നബിയോടൊപ്പം നിന്നിരുന്നു. നബിതിരുമേനി(സ) ഉസ്മാൻ ബിൻ ത്വൽഹയെ വിളിച്ച് എന്റെ അടുത്ത് കഅ്ബയുടെ താക്കോൽ കൊണ്ടുവരൂ എന്ന് പറഞ്ഞു. അദ്ദേഹം തന്റെ മാതാവിന്റെ അടുത്തേക്ക് പോയപ്പോൾ അവർ താക്കോൽ നല്കാൻ വിസമ്മതിച്ചു. ഹദ്റത്ത് ഉസ്മാൻ ബിൻ ത്വൽഹ അവരോട് പറഞ്ഞു: താക്കോൽ നല്കിയില്ലെങ്കിൽ ഈ വാൾ എന്റെ മുതുകിലൂടെ കടന്നുപോകും. എന്തായാലും അദ്ദേഹത്തിന്റെ മാതാവ് താക്കോൽ നല്കി. അദ്ദേഹം താക്കോലുമായി നബിതിരുമേനി(സ)യുടെ അടു

ത്തേക്ക് വന്നു. അവിടുന്ന് താക്കോൽ അദ്ദേഹത്തിന് തിരികെ നല്കുകയും അദ്ദേഹം വാതിൽ തുറക്കുകയും ചെയ്തു. നബിതിരുമേനി(സ) ഉസാമ ബിൻ സയ്ദിനെയും ബിലാൽ ബിൻ റബാഹിനെയും കൂട്ടി കഅ്ബയുടെ അകത്തേക്ക് പ്രവേശിച്ചു. കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസ്മാൻ ബിൻ ത്വൽഹയും കൂടെയുണ്ടായിരുന്നു. നബിതിരുമേനി(സ) കഅ്ബയുടെ വാതിൽ അടക്കുകയും ദീർഘനേരം അകത്ത് കഴിയുകയും അവിടെ വച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഒരുകാര്യം നന്നായി മനസ്സിലാക്കേണ്ടതുണ്ട്, ബൈത്തുല്ലാഹിൽ ഹജറുൽ അസ്വദ് പ്രതിഷ്ഠിക്കപ്പെട്ടതുപോലെയാണ് നെഞ്ചിൽ ഹൃദയം കുടികൊള്ളുന്നത്. ബൈത്തുല്ലാഹിനും ഒരു കാലം വന്നു, അന്ന് സത്യനിഷേധികൾ അവിടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. വേണമെങ്കിൽ ബൈത്തുല്ലാഹിന് അങ്ങനെയൊരു കാലം വരാതിരിക്കാമായിരുന്നു. പക്ഷേ അങ്ങനയല്ല സംഭവിച്ചത്. അല്ലാഹു അതിനെ ഒരു ദൃഷ്ടാന്തമാക്കിത്തീർക്കുകയുണ്ടായി. മനുഷ്യഹൃദയവും ഹജറുൽ അസ്വദ് പോലെയാണ്. അവന്റെ നെഞ്ച് ബൈത്തുല്ലാഹിനോട് സാമ്യമുള്ളതാണ്. ദൈവേതരചിന്തകളാണ് ആ കഅ്ബയിൽ വച്ചിരിക്കുന്ന വിഗ്രഹങ്ങൾ. മക്കയിലെ വിഗ്രഹങ്ങളെ തകർത്തത് നമ്മുടെ പ്രവാചകൻ (സ) പത്തായിരം പുണ്യാത്മാക്കളുടെ സംഘവുമായി അവിടെ എത്തുകയും മക്ക കീഴടക്കുകയും ചെയ്തപ്പോഴാണ്. ആ പതിനായിരം സ്വഹാബിമാരെ ആദ്യകാല ഗ്രന്ഥങ്ങളിൽ മലക്കുകളെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർഥത്തിൽ അവരുടെ നില മലക്കുകളുടേതിന് സമാനമായിരുന്നു. മനുഷ്യന്റെ ശേഷികളും ഒരുതരം മലക്കുകളുടെ നിലയിലുള്ളതാണ്. കാരണം മലക്കുകളുടെ പ്രത്യേകത അവർക്ക് കൽപ്പിക്കപ്പെട്ടത് അവർ ചെയ്യുന്നു എന്നതാണ് (യഫ്അലൂന മാ യുഅ്മറൂൻ). അതുപോലെ മനുഷ്യശക്തികളുടെ സവിശേഷത, അവ ആജ്ഞാനുവർത്തികളാണ് എന്നതാണ്.

മക്കാവിജയ വേളയിൽ നബിതിരുമേനി(സ) ഖുറൈശികളോട് ചോദിച്ചു: ഖുറൈശികളേ, ഞാൻ നിങ്ങളോട് എങ്ങനെ പെരുമാറുമെന്നാണ് നിങ്ങൾ കരുതുന്നത്? ഖുറൈശികൾ പറഞ്ഞു: താങ്കൾ ചെയ്യുന്നതെന്തായാലും ഉത്തമമായിരിക്കും, താങ്കൾ ആദരണീയനായ സഹോദരനും ആദരണീയനായ സഹോദരന്റെ പുത്രനുമാണ്. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങളെ എല്ലാവരെയും ഞാൻ സ്വതന്ത്രരായി വിട്ടിരിക്കുന്നു. പൊതുമാപ്പ് പ്രഖ്യാപനം കേട്ട് ആളുകൾ ആ നിമിഷം ഖബറുകളിൽ നിന്ന് പുറത്തുവന്നവരെന്നപ്പോലെ പുറത്തിറങ്ങി. അവർ ഇസ്‌ലാംമതം സ്വീകരിക്കാൻ തുടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാ അവിശ്വാസികളെയും പിടികൂടി നബിതങ്ങളുടെ മുന്നിൽ ഹാജരാക്കിയപ്പോൾ, വൻകുറ്റകൃത്യങ്ങൾ കാരണം തങ്ങൾ വധശിക്ഷയ്ക്ക് അർഹരാണെന്നും സ്വയം തങ്ങളെ നബിയുടെ കാരുണ്യത്തിന് വിട്ടുകൊടുക്കുന്നുവെന്നും അവർ സ്വയം തന്നെ ഏറ്റുപറഞ്ഞു. അപ്പോൾ നബിതങ്ങൾ എല്ലാവർക്കും മാപ്പ് നല്കി. മറ്റൊരു സ്ഥലത്ത് ഹുസൂർ(അ) പറയുന്നു: അവർക്ക് ശിക്ഷ നല്കിയിരുന്നെങ്കിൽ തന്നെ അത് തികച്ചും നീതിയും ന്യായവുമായിരുന്നു. എന്നാൽ നബിതിരുമേനി തദവസരത്തിൽ പൊറുക്കലിന്റെയും ഔദാര്യത്തിന്റെയും മാതൃക കാണിച്ചു. ഇത് ദിവ്യാത്ഭുതങ്ങൾക്ക് പുറമെ സ്വഹാബികളെ പ്രഭാവിതരാക്കിയ കാര്യങ്ങളായിരുന്നു. അതുകൊണ്ടാണ് നബിതങ്ങൾ മുഹമ്മദ്(സ) എന്ന നാമത്തിന് അർഹനായത്. സ്വല്ലല്ലാഹു അലൈഹി വ സല്ലം. ഹുസൂർ(അ) പറയുന്നു: മനുഷ്യൻ ഇത്തരത്തിലുള്ള സ്വഭാവങ്ങൾ തന്നിൽ വളർത്തിയെടുക്കാത്തിടത്തോളം കാലം ഒരു പ്രയോജനവുമില്ല. നബികരീം(സ) യുടെ സ്വഭാവങ്ങളെയും പ്രവർത്തനങ്ങളെയും തന്റെ വഴികാട്ടിയാക്കാത്തിടത്തോളം കാലം അല്ലാഹുവിന്റെ സ്നേഹം പൂർണമായി തന്നിൽ വളർത്തിയെടുക്കാൻ മനുഷ്യന് കഴിയില്ല. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലിമുഹമ്മദിൻ.

ബാക്കി പിന്നീട് വിവരിക്കാമെന്ന് പറഞ്ഞ ശേഷം ഹുസൂർ(അയ്യദഹുല്ലാഹു) ഖുത്ബയുടെ അവസാനഭാഗത്ത് രണ്ട് പരേതകളുടെ സുസ്മരണ നടത്തി. ആദ്യമായി സയ്യിദ ലുബ്നാ അഹ്മദ് സാഹിബയെ അനുസ്മരിച്ചു. സയ്യിദ് മൗലൂദ് അഹ്മദ് സാഹിബിന്റെ ഭാര്യയും സാഹിബ്സാദി അമ്മത്തുൽ ഹക്കീം ബേഗം സാഹിബയുടെയും സയ്യിദ് ദാവൂദ് മുസഫർ ശാഹ് സാഹിബിന്റെയും മരുമകളുമായിരുന്നു അവർ. അവരുടെ നിക്കാഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് ആണ് നടത്തിക്കൊടുത്തത്. നിക്കാഹ് ഖുത്ബയിൽ പരാമർശിച്ച ചില ഉപദേശനിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്. ദാമ്പത്യബന്ധങ്ങൾ മരത്തിൽ ബഡ്ഡിംഗ് അഥവാ ഒട്ടുമുകുളങ്ങൾ ചേർക്കുന്നതു പോലെയാണ്. തുടക്കത്തിൽ അവയെ നന്നായി പരിപാലിക്കണം. ഖുർആനിലെ നിർദ്ദേശമനുസരിച്ച്, ഈ ബന്ധത്തെ ഖൗലെ സദീദിന്റെ (നേരായവാക്ക്) ചരടുകൾ കൊണ്ട് അത് ബന്ധിപ്പിക്കണം. അപ്പോൾ

മാത്രമേ അത് സുരക്ഷിതമാകുകയുള്ളു. അതിന്റെ ഉത്തരവാദിത്തം ഭാര്യാഭർത്താക്കന്മാർക്കു മാത്ര മല്ല, അവരുടെ കുടുംബങ്ങൾക്കും ചുറ്റുപാടിനും സുഹൃത്തുക്കൾക്കും കൂടിയാണ്. കാരണം പല പ്രശ്നങ്ങളും തെറ്റിദ്ധാരണകളുടെയോ പരദൂഷണ ത്തിന്റെയോ അക്ഷമയുടെയോ ദേഷ്യത്തിന്റെയോ ഫലമായി ഉണ്ടാകാം. അവയെ തടയാൻ ഖൗലെ സദീദ് സുശക്തമായ ഒരു ചരടാണ്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്)പറഞ്ഞു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ ഈ വാക്കുകൾ ലുബ്നാ സാഹിബ തന്റെ ബന്ധങ്ങളിൽ പാലിക്കാൻ ശ്രമിച്ചുവെന്ന് അവരുടെ ബന്ധുവായതിനാൽ എനിക്ക് പറയാനാകും.

അവർ എന്റെ ഭാര്യയുടെ ജ്യേഷ്ഠപത്നി കൂടിയായിരുന്നു. അതുപോലെ, ഹുസൂർ തിരുമനസ്സ് ജർമനിയിൽ നിന്നുള്ള മുഹമ്മദ് ശാഫി സുബൈർ സാഹിബിന്റ ഭാര്യ നാസ്മൂൻ ബീബി സുബൈർ സാഹിബയുടെയും അനുസ്മരണം നടത്തുകയും ഇരുവരുടെയും ജനാസ ഗായിബ് നമസ്ക്കരിക്കുമെന്ന് പറയുകയും ഇരുവരുടെയും മഗ്ഫിറത്തിനും ഉന്നത പദവികൾക്കും വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

*വിവ: പി.കെ. അംനാസ്*

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 04.07.2025
MALAYALAM TRANSLATION BY P.K. AMNAS
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516